LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

44 (2677) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷം എത്ര പേർക്ക് തൊഴിൽ ലഭിച്ചു ; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ നാലു വർഷങ്ങളിൽ പദ്ധതിക്കായി എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി പ്രകാരം തൊഴിലെടുക്കുന്നവരുടെ വേതനത്തിൽ കുടിശ്ശിക ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഈ തുക എന്നത്തേക്ക് ലഭ്യമാക്കുമെന്നും അറിയിക്കാമോ ;

(ഡി) ഈ പദ്ധതിയിൽ പുതിയ എന്തെങ്കിലും തൊഴിൽ കൂടി ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	കേന്ദ്ര സംസ്ഥാന വിഹിതമായി ലഭ്യമായ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
2011-12	97615.67	104807.84
2012-13	133219.84	141655.92
2013-14	129223.73	130056.59
2014-15	162758.00	161779.14
2015-16 (22-6-2015 വരെ)	37094.96	27203.34

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പുവർഷം പണിയെടുത്ത എല്ലാ തൊഴിലാളികൾക്കും ഇ-എഫ്.എം.എസ്. സംവിധാനത്തിലൂടെ യഥാസമയം കൂലി വിതരണം ചെയ്യുവരുന്നു.

(ഡി) സംസ്ഥാനത്തെ ഭൗതിക-തൊഴിൽ സാഹചര്യമനുസരിച്ച് നെല്ല്/ നാളികേരം/ഇതര വിളകളുമായി ബന്ധപ്പെട്ട കൃഷിപ്പണികൾ, പാട്ടകൃഷി, ഡയറി, കയർ, കൈത്തറി, ഖാദി മേഖലയിലെ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയിനങ്ങളിലായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

ഭവനരഹിതരായവർക്കുള്ള പദ്ധതികൾ

45 (2678) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായവരുടെ എണ്ണം കുറച്ചുകൊണ്ടു വരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചതും, പരിഷ്കരിച്ചതുമായ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന ഈ രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കാമോ ;

(സി) വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ ആസൂത്രണ, നിരീക്ഷണത്തിന് ആസൂത്രണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുൻപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തിന് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ നൽകണമെന്ന് നിർദ്ദേശിച്ച് 9-12-2014-ലെ സ.ഉ.(സാധാ)നമ്പർ 3258/14/ത.സ്വ.ഭ.വ.

LIBRARY ARCHIVES Kerala Legislative Assembly